പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 224 05-05-2017-ൽ മറുപടിക്ക്

# കേരള ലീഗൽ സർവ്വീസസ് അതോറിറ്റി സേവനം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

**ചോദ്യം** | **ഉത്തരം**

*224. ശ്രീ. അബ്ദുൽ ഹമീദ്.പി
,, എം. ഉമ്മർ
,, വി.കെ. ഇബ്രാഹിം കുഞ്ഞ്
,, സി.മമ്മൂട്ടി

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | 'കെൽസ' (കേരള ലീഗൽ സർവ്വീസസ് അതോറിറ്റി) യിൽ നിന്നുള്ള സേവനം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) 1987-ലെ നിയമസേവന അതോറിറ്റി നിയമത്തിലെ സെക്ഷൻ 12 പ്രകാരം സൗജന്യ നിയമസഹായത്തിന് അർഹതയുള്ള വിഭാഗങ്ങൾ താഴെ കൊടുക്കുന്നു.<br>1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർ<br>2. യാചകവൃത്തി, പെൺവാണിഭം, അടിമവേല മുതലായവയ്ക്കായി അനധികൃത കൈമാറ്റത്തിന് വിധേയരാകുന്നവർ<br>3. സ്ത്രീകളും കുട്ടികളും<br>4. വികലാംഗക്ഷേമ നിയമ പരിധിയിൽ പ്പെട്ടവർ<br>5. പ്രകൃതി ദുരന്തം, സാമുദായിക കലാപം, മത വർഗ്ഗീയ കലാപം, ഭൂകമ്പം, വ്യാവസായിക ദുരന്തം മുതലായവയ്ക്ക് ഇരയാകുന്നവർ<br>6. വ്യാവസായിക തൊഴിലാളികൾ<br>7. പുനരധിവാസ ഗൃഹങ്ങളിലെ അന്തേവാസികൾ, ജുവനൈൽ ഹോമിലെ അന്തേവാസികൾ, |

| | | |
|---|---|---|
| | | മാനസികരോഗ ചികിൽസാലയങ്ങളിലെ അന്തേവാസികൾ, അനാഥാലയങ്ങളിലെ അന്തേവാസികൾ മുതലായവർ<br>8. കസ്റ്റഡി പ്രതികൾ<br>9. സുപ്രീം കോടതി ഒഴികെയുള്ള കോടതികളിൽ അതത് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വരുമാന പരിധിയ്ക്ക് അടിസ്ഥാനമായും, സുപ്രീം കോടതിയിൽ കേന്ദ്ര ഗവൺ മെന്റ് നിശ്ചയിക്കുന്ന വരുമാന പരിധി അടിസ്ഥാനമാക്കിയും സൗജന്യ നിയമസഹായം നൽകുന്നു. |
| (ബി) | ഇതിന് വരുമാനപരിധിയുണ്ടോ ; എങ്കിൽ പരിധി കണക്കാക്കുന്നത് ഏതു മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ ; | 1998-ലെ കേരള സംസ്ഥാന നിയമസേവന അതോറിറ്റി ചട്ടങ്ങളിലെ റൂൾ 12-ന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് സൗജന്യ നിയമസേവനം ലഭ്യമാണ്. |
| (സി) | വരുമാന പരിധിയിൽ വർദ്ധനവ് വരുത്തി കൂടുതൽ പേർക്ക് സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ? | കേരള സംസ്ഥാന നിയമസേവന അതോറിറ്റിയുടെ 16-02-2017-ൽ നടന്ന അതോറിറ്റി മീറ്റിംഗിലെ തീരുമാന പ്രകാരം സൗജന്യ നിയമ സഹായത്തിനുള്ള വരുമാന പരിധി ഒരു ലക്ഷത്തിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി ഉയർത്തുന്നതിനാവശ്യമായ ഭേദഗതികൾ ചട്ടങ്ങളിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**